ആലപ്പുഴ ജില്ലയിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേന ആരംഭിച്ച 3047 വ്യവസായ യൂണിറ്റുകൾ ലാഭകരമായി പ്രവർത്തിക്കുന്നു. ഈ യൂണിറ്റുകളിൽ 11020 തൊഴിലാളികൾ ജോലി ചെയ്യുന്നു.

വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് സഹായം

224 (569) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് സഹകരണ സ്ഥാപനങ്ങൾക്ക് എന്തെങ്കിലും ഇളവുകളും സഹായവും നൽകിവരുന്നുണ്ടോ ;

(ബി) സ്വകാര്യ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും നൽകുന്ന പ്രാതിനിധ്യവും സഹായവും സഹകരണ സ്ഥാപനങ്ങൾക്ക് നൽകുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സഹകരണ മേഖലയെ സഹായിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനുമായി സഹകരണ വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സഹകരണ സ്ഥാപനങ്ങൾക്ക് ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് ഇളവുകൾ ഒന്നും നൽകാറില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കേരളത്തിൽ സഹകരണമേഖലയിൽ ധാരാളം വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. ടി സ്ഥാപനങ്ങൾക്ക് നൽകിവരുന്ന സഹായങ്ങൾ തുടർന്നും നൽകുന്നതായിരിക്കും.

ചെറുകിട വ്യവസായങ്ങളുടെ വളർച്ച

225 (570) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly